(ഇ) ഈ കാലയളവിൽ പോലീസുദ്യോഗസ്ഥൻമാർ എത്തെല്ലാം പത്രസ്ഥാപനങ്ങളിൽ റെയ്ഡ് നടത്തുകയോ അതിക്രമിച്ചു കടക്കുകയോ ചെയ്തിട്ടുണ്ട്;

(എഫ്) ഈ കാലയളവിൽ പോലീസുദ്യോഗസ്ഥൻമാർ ഏതെല്ലാം പത്ര ജീവനക്കാരുടെമേൽ കയ്യേറ്റം നടത്തുകയോ ലാത്തിചാർജ് നടത്തുകയോ ചെയ്തിട്ടുണ്ട്;

(ജി) ഈ കാലയളവിൽ പോലീസ് ഉദ്യോഗസ്ഥൻമാർ ഏതെല്ലാം പത്രജീവനക്കാരിൽനിന്നും ക്യാമറ പിടിച്ചുവാങ്ങുകയോ ക്യാമറയിലുള്ള ഫിലിം ഏടുക്കുകയോ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ)-(ജി) വിവരം ശേഖരിച്ചുവരുന്നു.

മോഷണക്കേസ്സുകൾ

(55) ശ്രീ കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ മോഷണങ്ങൾമൂലം ഒട്ടാകെയുണ്ടായിട്ടുള്ള നഷ്ടമെത്ര;

(ഡി) ഈ കാലഘട്ടത്തിൽ എത്ര വാഹനമോഷണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ ഏതെങ്കിലും വാഹനമോഷണം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) വാഹന മോഷണംമൂലം ഉണ്ടായിട്ടുള്ള ഒട്ടാകെ നഷ്ടമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 26,799 (ഇരുപത്തിആറായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിഒൻപത്) മോഷണങ്ങൾ.

(ബി) 26,799 കേസ്സുകൾ.

(സി) കേസ്സന്വേഷണം നടന്നുവരുന്നു.

(ഡി) 3531 വാഹന മോഷണം ഉണ്ടായിട്ടുണ്ട്. ഇതിൽ 1613 എണ്ണം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) കേസ്സന്വേഷണം വിവിധഘട്ടങ്ങളിലാണ്.

കണ്ണൂർ ജില്ലയിലെ അക്രമസംഭവങ്ങളും സ്വീകരിച്ച നടപടികളും

(56) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തുടർച്ചയായുണ്ടാകുന്ന അക്രമസംഭവങ്ങളും രാഷ്ട്രീയ കൊലപാതകങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം ക്രിയാത്മക നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി കണ്ണൂർ കളക്ടറേറ്റിനുള്ളിൽ 19.11.99-ന് ബോബും മാരകായുധങ്ങളുമായി സഞ്ചരിക്കവേ പിടിയിലാവയവർ ആരെല്ലാമാണ്; ഇവർ ഏത് രാഷ്ട്രീയപാർട്ടിയിൽപെട്ടവരാണ്; ഇവരുടെ ഉദ്ദേശം എന്തായിരുന്നു; ഇവർക്കെതിരെ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ, കാസർഗോട്, കോഴിക്കോട് ജില്ലകളിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; കൊല്ലപ്പെട്ടവർ ആരെല്ലാം; ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണ് കൊല്ലപ്പെട്ടത്; പ്രതികൾ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണ്; വിശദവിവരം വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ കൊലപാതകവും അക്രമവും ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വ കക്ഷിയോഗം ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) കണ്ണൂർ ജില്ലയിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വ കക്ഷി സമാധാനയോഗം വിളിച്ചു ചേർക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ ശാശ്വതസമാധാനം കൈവരിക്കുന്നതിനായി 6.12.1999 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സർവ്വകക്ഷി സമാധാനയോഗം ചേരുകയും കണ്ണൂരിൽ സമാധാനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ കക്ഷികളും സഹകരിക്കാം എന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്.

(ബി) സി.പി. പ്രജിത്, വി. രാജേഷ്, പി. സതീശൻ, എ.സി. ബാബു, എ. രാജേഷ് എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ഇവർക്കെതിരെ കണ്ണൂർ ഠൗൺ പോലീസ് ആംസ് ആക്ട് വകുപ്പ് 25(1) (ഡി) പ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് മൂന്നും അഞ്ചും വകുപ്പുകൾ പ്രകാരവും ക്രൈം നമ്പർ 704/99 ആയി രജിസ്റ്റർ ചെയ്ത് കേസ്സ് അന്വേഷിച്ചു വരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 6.12.99-ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വ കക്ഷി സമാധാനയോഗം കണ്ണൂർ കളക്ടറേറ്റിൽ കൂടുകയും സമാധാനം പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) 'ഡി' പിരിവിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഭവനഭേദന കേസ്സുകൾ

(57) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര ഭവനഭേദനങ്ങൾക്ക് കേസ്സെടുത്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly